## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : **3123** 11/12/2014-ൽ മറുപടിയ്ക്ക്

## ചേർത്തല മനോരമ കവലയുടെ വികസനം

**ചോദ്യം**

ശ്രീ. പി. തിലോത്തമൻ

ചേർത്തല മനോരമ കവലയുടെ വികസനത്തിനായി സ്ഥലം ഏറ്റെടുക്കുന്ന നടപടി ഏതു ഘട്ടംവരെയായി എന്ന് പറയാമോ; ഇതിന് സ്ഥലം ഏറ്റെടുക്കുന്നതിന് റവന്യു വകുപ്പിൽ നിന്നും ഉത്തരവ് നൽകാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; സ്ഥലം നെഗോഷിബിൾ പർച്ചേസ് മെത്തേഡിൽ സമയനഷ്ടം ഇല്ലാതെ ഏറ്റെടുക്കുന്നതിനാവശ്യമായ രേഖകളും റിപ്പോർട്ടുകളും ആലപ്പുഴ ജില്ലാ കളക്ടർ സമർപ്പിച്ചിട്ടുണ്ടോ; സ്ഥലം ഏറ്റെടുക്കുന്നതിന്റെ ഭാഗമായി ഒഴിപ്പിക്കപ്പെടേണ്ട കച്ചവടക്കാർക്കു നൽകേണ്ട നഷ്ടപരിഹാര പാക്കേജോ, പുനരധിവാസ പാക്കേജോ ജില്ലാ കളക്ടർ സമർപ്പിച്ചിട്ടുണ്ടോ; വിശദ വിവരം നൽകുമോ ?

**ഉത്തരം**

ശ്രീ. അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പുമന്ത്രി)

ചേർത്തല മനോരമ കവലയുടെ വികസനത്തിനായി 9.38 ആർ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള പ്രപ്പോസൽ 09-10-2014-ൽ ആലപ്പുഴ ജില്ലാ കളക്ടർ സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് വരികയാണ്. സ്വന്തം കടയിൽ കച്ചവടം നടത്തുന്ന 9 പേരേയും വാടകയ്ക്ക് കച്ചവടം നടത്തുന്ന 98 പേരേയും ഒഴിപ്പിക്കേണ്ടി വരും. ഇവർക്കും കടകളിലെ 75 ജോലിക്കാർക്കും പുനരധിവാസം നൽകുന്നതിനുള്ള പ്രപ്പോസൽ ജില്ലാ കളക്ടർ സമർപ്പിച്ചിട്ടുണ്ട്. ആയതും സർക്കാരിന്റെ പരിഗണനയിലാണ്.

ഇതിനിടയിൽ കേരള വ്യാപാരി വ്യവസായി ഏകോപന സമിതി ചേർത്തല യൂണിറ്റ് പ്രസിഡന്റ് റവന്യു പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കെതിരെ 998/2014 നമ്പരായി ഹൈക്കോടതിയിൽ ഒരു കോടതി അലക്ഷ്യ കേസും ഫയൽ ചെയ്തിട്ടുണ്ട്. കോടതി നിർദ്ദേശവും ജില്ലാ കളക്ടറുടെ പ്രപ്പോസലും പരിശോധിച്ച് സർക്കാർ തീരുമാനം എടുക്കുന്നതാണ്.

സെക്ഷൻ ഓഫീസർ.